(എ) സ്വകാര്യ സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിച്ചതിൽ അപാകതയുണ്ടെന്ന് വിവിധ പിന്നോക്ക സംഘടനകളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പരാതി പരിഹരിക്കുവാൻ കൂടുതൽ സ്കൂളുകളിൽ പ്ളസ് ടു കോഴ്സ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്ളസ് ടു കോഴ്സ് അനുവദിക്കുന്നതിലെ മാനദണ്ഡം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനദണ്ഡം വ്യക്തമാക്കുന്ന ഗവൺമെന്റ് ഉത്തരവ് നമ്പർ ജി. ഒ(എം.എസ്)107/2000/ജന.എഡ്യു. തീയതി 30-3-2000 എന്ന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

റോഡുവികസനം

26(*116) ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വിഭാഗത്തിലും എത്ര കിലോമീറ്റർ റോഡുകളുടെ പണിയാണ് ഏറ്റെടുത്തിട്ടുള്ളത്; ഇതിൽ എത്ര കി.മീ. റോഡുകളുടെ പണിയാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ലോകബാങ്ക് സഹായത്തോടെയുള്ള 'റോഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ടെക്നിക്കൽ അസിസ്റ്റന്റ് പ്രോജക്ടി'ന്റെ കീഴിൽ റോഡ് നിർമ്മാണം ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പ്രോജക്ടിന്റെ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന റോഡുകളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഹൈവേ എം.ഡി.ആർ. ഇവയുടെ വികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ പ്ലാനിൽ 46 കോടി 78 ലക്ഷം രൂപയും നോൺപ്ലാനിൽ 149.52 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. റോഡുകളുടെ വികസനത്തിനും പരിഷ്ക്കരണത്തിനുമായി വിഭവസമാഹരണത്തിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പണം ലഭ്യമാക്കുന്നതിനായി കേരളാ സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ദേശീയ പാതകളുടെ വികസനത്തിന് കേന്ദ്രഗവൺമെന്റിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെടുത്തൽ പണികൾ, പാലങ്ങളുടെ അറ്റ കുറ്റപ്പണികൾ, വീതിക്കൂട്ടുന്ന പണികൾ, എന്നിവ നടത്തിവരുന്നു. നബാർഡിന്റെ സഹായവും റോഡുവികസനത്തിനായി ഉപയോഗിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി-ഇ) ആയിരം കിലോമീറ്റർ റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫീസിബിലിറ്റി സ്റ്റഡി പൂർത്തീകരിച്ച് ലോക ബാങ്കിന് നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള മുന്നോടിയായി 400 കിലോമീറ്റർ റോഡിന്റെ ഡിസൈനുകൾ ഇപ്പോൾ പൂർത്തിയായിവരുന്നു.

പ്രൈമറി തലം മുതൽ കംപ്യൂട്ടർ പഠനം

27(*117) ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (പൊന്നാനി) :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്രൈമറിതലം മുതൽ കംപ്യൂട്ടർ പഠനം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹൈസ്ക്കൂൾ, അപ്പർപ്രൈമറി, പ്രൈമറി വിഭാഗങ്ങളിൽ എന്നു മുതൽ കംപ്യൂട്ടർ പഠനം ഏർപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ലോവർ പ്രൈമറി തലത്തിൽ കംപ്യൂട്ടർ പഠനം പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. എന്നാൽ 2001-2002 വർഷത്തിൽ 7-ാം ക്ലാസ്സ് മുതൽ കംപ്യൂട്ടർ പഠനം പാഠ്യ പദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly